II ഇ.ബി. XII - കേരള നിയമസഭ/VII-12

**പന്ത്രണ്ടാം കേരള നിയമസഭ**

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ–സംഗ്രഹം

2008 മാർച്ച് 19, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

39 (*331) പാർപ്പിട നയം

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം 'കേരള ഭവന നിർമ്മാണ പാർപ്പിട നയ'ത്തിന്റെ കരട് രൂപം തയ്യാറാക്കി പൊതുജനങ്ങളുടെ അഭിപ്രായത്തിനുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ താഴ്ന്ന വരുമാനക്കാർക്കും വീട് ലഭ്യമാക്കുക എന്ന ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനായി ഹഡ്കോ മുൻ ചെയർമാൻ ശ്രീ. വി. സുരേഷ് ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കർമ്മ സമിതി കേരളത്തിലെ ഭവന നിർമ്മാണ മേഖലയെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചുമുള്ള വിശദമായ ചർച്ചകൾക്കും പഠനത്തിനുംശേഷം കേരള ഭവന നിർമ്മാണ പാർപ്പിട നയത്തിന്റെ (2007) കരട് രൂപം പൊതുജനങ്ങളുടെ അഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചു. കരട് പാർപ്പിട

നയത്തിൻമേൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് മേഖലാ യോഗങ്ങളും, എല്ലാ ജില്ലകളിലും ജില്ലാതല യോഗങ്ങളും സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും സ്വരൂപിച്ച നിർദ്ദേശങ്ങളും കർമ്മ സമിതി പരിശോധിച്ച് അതിൽ പ്രസക്തമായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി കരട് പാർപ്പിട നയത്തിന്റെ അന്തിമ റിപ്പോർട്ട് കർമ്മ സമിതി ചെയർമാൻ സർക്കാരിലേയ്ക്ക് 2008 മാർച്ചിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് വിവിധ വകുപ്പുകളുടെ അഭിപ്രായംകൂടി പരിഗണിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. വിവിധ വർഷങ്ങളിലായി ഹൗസിംഗ് ബോർഡിൽനിന്നും മറ്റും വായ്പയെടുത്തിട്ടുള്ള തീരെ പാവപ്പെട്ട, ഒരിക്കലും തിരിച്ചടയ്ക്കാൻ കഴിയില്ല എന്ന് ബോധ്യമുള്ളവരുടെ വായ്പയുടെ നല്ലൊരു ഭാഗം എഴുതിത്തള്ളാനും ഇളവു കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഇരുപത്തിയൊമ്പതേമുക്കാൽ കോടി രൂപയുടെ ഇളവ് കൊടുത്തതുവഴി 60000 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു. നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന മാർജിൻ ഫ്രീ ഷോപ്പുകൾ എല്ലാ ജില്ലാകേന്ദ്രങ്ങളിലും ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. അതിനായി ഇത്തവണ 50 ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. 6000 പേരെ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രത്യേക പരിശീലന പരിപാടിയും ആരംഭിച്ചുകഴിഞ്ഞു. ലക്ഷംവീടുകളുടെ നവീകരണത്തിനുവേണ്ടി ഒരു വീടിന്

40,000 രൂപ വീതം സഹായം നൽകുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ആ സംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. എം.എൽ.എ. മാരുടേയും പഞ്ചായത്തുകളുടേയും സഹായത്തോടെ ഗവണ്മെന്റ് പങ്കാളിത്തത്തോടുകൂടി ലക്ഷം വീടുകളുടെ നവീകരണത്തിന് സമയബന്ധിതമായി കാര്യങ്ങൾ ചെയ്യാൻ ഈ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധ മായിരിക്കും. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രയാസത്തിലാണ്. ഭവന നിർമ്മാണ ബോർഡിന് 1200 കോടി രൂപയുടെ ബാധ്യതയുണ്ട്. ഈ പ്രശ്നം മറികടക്കാൻ ധനകാര്യ മന്ത്രാലയവും ഹഡ്കോയുമായി ചർച്ചയിലാണ്. ഹൗസിംഗ് ബോർഡിന്റെ കയ്യിലുള്ള സ്ഥലങ്ങളിൽ താൽപര്യമുള്ള സ്വകാര്യ വ്യക്തികളുമായി ചേർന്ന് ഗവണ്മെന്റും സഹകരിച്ചുകൊണ്ട് പബ്ളിക്/പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ സാധ്യമായ സ്കീമുകളെപ്പറ്റി ചിന്തിക്കുന്നുണ്ട്. സുരക്ഷാ ഭവന പദ്ധതി പ്രകാരം കൊടുത്തിരുന്ന 9,000 രൂപ 25,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ പാർപ്പിട രംഗത്തുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ നയരേഖ പൂർണ്ണരൂപത്തിലാക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. പുത്തൻ ഭവന നിർമ്മാണ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനും വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും വേണ്ടി ലാറിബേക്കറുടെ നാമധേയത്തിൽ ഒരു പരിശീലനകേന്ദ്രം ആരംഭിക്കുകയും അതിനുവേണ്ടി 60 ലക്ഷം രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് കൊല്ലം ജില്ലാ പഞ്ചായത്ത് മാതൃകാപരമായി നടത്തിയ ശ്രമത്തിന്റെ നല്ല വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വേണ്ട സഹായങ്ങൾ നൽകുന്നതാണ്. കേരളത്തിൽ ഭൂലഭ്യത കുറവായതിനാൽ പാവപ്പെട്ടവർക്കു

വേണ്ടി ഫ്ളാറ്റുകളെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. പെരിങ്ങളം നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് വീടൊന്നിന് 20000 രൂയാണ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. അത് മൊത്തം വീടുകൾക്കും 25000 രൂപയാക്കി മാറ്റുന്നകാര്യം പരിഗണനയിലുണ്ട്. ഏകദേശം 6 ലക്ഷം പേർക്കാണ് ഇനി വീടുകൾ ആവശ്യമുള്ളത്. 10 കൊല്ലം കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന മാർഗ്ഗമാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഗവണ്മെന്റ് പിടിച്ചെടുത്തിട്ടുള്ള ഭൂമി ലഭ്യമായാൽ മൂന്നാർ അടക്കമുള്ള സ്ഥലങ്ങളിൽ സാമ്പത്തികസ്ഥിതി മെച്ചപ്പെടുമ്പോൾ പുതിയ ഹൗസിംഗ് സ്കീമുകൾ ആരംഭിക്കാൻ താൽപ്പര്യ മുണ്ട്. ധാരാളം പണം മുടക്കി വലിയ വീടുകൾ വയ്ക്കുന്നവർ അവരുടെ ചെലവിന്റെ ഒരു ശതമാനം പാവങ്ങളുടെ വീടിനുവേണ്ടി മാറ്റിവയ്ക്കണമെന്ന് പാർപ്പിട നയത്തിൽ പറയുന്നുണ്ട്. ഈ ഗവണ്മെന്റ് ഹൗസിംഗ് ബോർഡിന് 5 കോടി രൂപയും റീഅപ്രോപ്രിയേഷൻ മുഖേന ലക്ഷം വീടുകൾക്ക് 17 കോടി രൂപയും ഇന്നവേറ്റീവ് ഹൗസിംഗിന് രണ്ടരക്കോടി രൂപയും മാറ്റി വച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകളിലെ അലോട്ടീസിന് റ്റൈറ്റിൽ ഡീഡ് കൊടുക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. കോമൺ അമിനിറ്റീസിന്റെ കാര്യത്തിൽ ബന്ധപ്പെട്ട അലോട്ടീസിന്റെ അസോസിയേഷനുമായി ചേർന്ന് മാലിന്യ നിർമ്മാർജ്ജനം, പാർക്ക് നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ എന്തെല്ലാം ചെയ്യാൻകഴിയുമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്. ഹഡ്കോയ്ക്കുള്ള വായ്പ കൊടുത്തുതീർക്കൽ, പുതിയ സ്കീമുകൾ

ആരംഭിക്കൽ, അതിന് പണം കണ്ടെത്തൽ ഇവയൊക്കെയാണ് ഹൗസിംഗ് പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പാക്കേജിലുള്ളത്. എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കാൻവേണ്ടിയാണ് ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഗവണ്മെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളുമായി ചേർന്നുകൊണ്ട് ആ പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമത്തിലാണ്. ഹഡ്കോയ്ക്ക് ഇപ്പോൾ 900 കോടി രൂപയ്ക്കു മുകളിലുള്ള ബാധ്യതയുണ്ട്. ഹഡ്കോയുമായി വൺ ടൈം സെറ്റിൽമെന്റിനെക്കുറിച്ച് ആരായുന്നുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഹൗസിംഗ് കോളനികളിൽ വീട് ലഭിച്ചവർ ഇന്ന് ചില കേസ്സുകളിൽപ്പെട്ടിട്ടുണ്ട്. അവ തീർപ്പാക്കുന്നതിനുള്ള ശ്രമത്തിലാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

40 (*332) <u>എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ) നൽകിയ മറുപടിയിൽ, 1996-ൽ രൂപീകരിക്കപ്പെട്ട എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ രൂപങ്ങളുടെ ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ മാനേജുമെന്റ് സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സംസ്ഥാനതല സ്ഥാപനമാണെന്ന് സഭയെ അറിയിച്ചു. വ്യവസായ ഊർജ്ജ ഓഡിറ്റിംഗ് പരിശീലന പരിപാടികൾ, ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, സ്കൂളുകളിലെ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ തുടങ്ങിയവ ഇ.എം.സി.യുടെ പ്രവർത്തനങ്ങളാണ്. 2001-ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കാനുള്ള സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായി

നിശ്ചയിച്ചിട്ടുള്ളത് ഇ.എം.സി.യെയാണ്. കേരളത്തിലെ ആദ്യത്തെ പ്രീ-പെയ്ഡ് എനർജി മീറ്റർ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിച്ചത് ഇ.എം.സി.യുടെ നേതൃത്വത്തിലാണ്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡുകൾ ഇ.എം.സി. മുഖാന്തിരമാണ് നൽകുന്നത്. ഇന്ത്യയിലും അയൽ രാജ്യങ്ങളിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള UNIDO-യുടെ റീജിയണൽ സെന്റർ ഇ.എം.സി.യിലാണ് പ്രവർത്തിക്കുന്നത്. ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജക്ഷമത ഉയർത്തുന്നതിന് സെന്റർ പരിശീലനം നൽകുന്നുണ്ട്. ഊർജ്ജക്ഷമ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കൽ, എനർജി ഓഡിറ്റിംഗ്, വ്യവസായ സ്ഥാപനങ്ങളിൽ എനർജി മാനേജർമാരെ നിശ്ചയിക്കലും പരിശീലനവും വ്യവസായങ്ങളിലെ വിവിധ വിഭാഗം ജീവനക്കാർക്കുള്ള ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ പ്രാദേശിക സംഘടനകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ, പുസ്തകങ്ങൾ എന്നിവയുടെ വിതരണം, പോസ്റ്റർ പ്രദർശനങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ, ഊർജ്ജക്ഷമ ഉപകരണങ്ങളുടെ പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ, വനിതാ വാളണ്ടിയർമാർ മുഖാന്തിരം നടത്തുന്ന ഊർജ്ജ ക്ലിനിക്കുകൾ എന്നിവയിലൂടെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു. വിദ്യാലയങ്ങളിൽ ഊർജ്ജ ക്ളബ്ബുകളുടെ പ്രവർത്തനത്തിന് സെന്റർ സഹായം നൽകുന്നുണ്ട്.

കേരളത്തിലെ 400-ൽ അധികം ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾക്ക് സഹായം നൽകിവരുന്നു. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ ഊർജ്ജ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന് ഒരു ഊർജ്ജ സംരക്ഷണ നയം പ്രഖ്യാപിക്കും. ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഒരു എനർജി കൺസർവേഷൻ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇ.എം.സി.യിൽ പ്രവർത്തിക്കുന്ന യുനിഡോയുടെ റീജിയണൽ സെന്റർ ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. കഴിഞ്ഞവർഷം ഇ.എം.സി.യുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ ആഡിറ്റിംഗ് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കി. ഈ വിഭാഗം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി 2007-ൽ 11.34 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു. ഈ ഗവണ്മെന്റ് വന്നതിനുശേഷം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിരന്തരമായ ഇടപെടൽ നടത്തിയതുമൂലം 28.8 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കാറ്റാടി നിലയങ്ങൾ ഇടുക്കിയിലും അഗളിയിലും ആരംഭിക്കാൻ കഴിഞ്ഞു. അടുത്ത മാസം അത് ഉൽഘാടനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ 630 ഓളം മെഗാവാട്ട് സ്ഥാപിതശേഷിയ്ക്കുള്ള കാറ്റ് ലഭിക്കുന്നുണ്ട് എന്നാണ് കണക്ക്. 100 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുതി കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കാനുള്ള ശ്രമമാണ് ഈ ഗവണ്മെന്റ് നടത്തുന്നത്. നിലവിലുള്ള വൈദ്യുതി ലഭ്യത നോക്കിയാൽ ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും അനിവാര്യ മാണ്. പീക്ക്ലോഡ് സമയത്തെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനു

വേണ്ടി ദൃശ്യമാധ്യമങ്ങൾവഴിയും മൊബൈൽ ഫോണുകൾ വഴിയും ഇപ്പോൾ പ്രചരണം നടത്തിവരുന്നുണ്ട്. അതിന്റെ ഫലമായി 100 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞു. ഇപ്പോൾ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം കൂടിയിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കാനുള്ള ശ്രമങ്ങൾ നടത്തിയതിന്റെ ഫലമായി അത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് 15 ശതമാനത്തിലേയ്ക്ക് കൊണ്ടുവരിക എന്നുള്ളതാണ് ലക്ഷ്യം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എച്ച്.ടി., എൽ.ടി. റേഷ്യോ കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു. പുതുതായി 208 സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഗവണ്മെന്റ് സ്ഥാപനങ്ങളിൽ അനവസരങ്ങളിൽ വൈദ്യുതി ഉപയോഗിക്കുന്നത് തടയുന്നതിനായി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ട്. സർവ്വീസ് സംഘടനകളും മറ്റ് സന്നദ്ധ സംഘടന കളും ഇതിന് വോളന്റിയർമാരായി ഇടപെടണം. ഒരു എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്രം അനുവാദം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സി.പി.ആർ.ഐ.യുടെ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഊർജ്ജ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന് ഈ സ്ഥാപനത്തെ ഉപയോഗിക്കാൻ കഴിയും. ഗ്രാമീണ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് പാരമ്പര്യേതര ഊർജ്ജമേഖലയിൽ വലിയ ഇടപെടൽ ആവശ്യമാണ്. അതിനുവേണ്ടി റിന്യൂവൽ എനർജി റൂറൽ ടെക്നോളജി സെന്റർ പാലക്കാട് കുഴൽമന്ദത്ത് ആരംഭിച്ചുകഴിഞ്ഞു. പകൽ സമയങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കിടക്കു ന്നതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ പരിസ്ഥിതിക്ക് യോജിക്കുന്ന തരത്തിലുള്ള പദ്ധതികൾ മാത്രമേ സർക്കാർ ആവിഷ്ക്കരി

ക്കുകയുള്ളൂ. സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി കേന്ദ്രഗവണ്മെന്റിൽ സമർപ്പിക്കുകയും അതിനായി 7 കോടി 41 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി ട്രാൻസ്മിഷൻ ലൈൻ ഇല്ലാത്ത സ്ഥലത്ത് 6120 വീടുകൾ സോളാർ സിസ്റ്റം ഉപയോഗിച്ച് വൈദ്യുതീകരിക്കാൻ കഴിയും. സെക്രട്ടേറിയറ്റും പരിസര പ്രദേശങ്ങളും ഉൾപ്പെടുത്തി സോളാർ എനർജി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു വൈദ്യുത പദ്ധതിക്കാണ് രൂപം കൊടുക്കുന്നത്. ഇതിനുവേണ്ടി ഒരു ഹെക്ടർ സ്ഥലം ആവശ്യമാണ്. ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപാദന ചെലവ് 17 രൂപയാണ്. അതിൽ 12 രൂപ സബ്സിഡിയായി കേന്ദ്രം നൽകും. നോൺ കൺവെൻഷണൽ എനർജി ഇൻഡസ്ട്രിയൽ പാർക്ക് വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ട്. കേന്ദ്രഗവണ്മെന്റ് പാസ്സാക്കിയ എനർജി കൺസർവേഷൻ ആക്ട്, 2001 പ്രകാരം കേന്ദ്രം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് കേരളത്തിലും നടപ്പിലാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അന്തരീക്ഷത്തൽ കാർബൺഡൈഓക്സൈഡിന്റെ അംശം വർദ്ധിച്ചുവരുന്നതിന്റെ ഭാഗമായി ഓസോൺ പാളികളിലടക്കം വിള്ളലുകൾ രൂപപ്പെട്ടുവരുന്നത് ആശങ്കയുണ്ടാക്കുന്നതാണ്. 1997-ൽ ജപ്പാനിൽ വച്ച് ചേർന്ന ഒരു സമ്മേളനത്തിൽ കൺവെൻഷൻ ഓഫ് ക്ളൈമെറ്റ് ചെയ്ഞ്ച് എന്ന വിഷയം സംബന്ധിച്ച് ചർച്ച നടത്തി. ആ യോഗത്തിന്റെ തീരുമാനപ്രകാരം 2012 ആകുമ്പോഴേയ്ക്കും അന്തരീക്ഷ മലിനീകരണം 5 ശതമാനം കുറയ്ക്കണ

മെന്നാണ്. അങ്ങനെ കുറച്ചുകൊണ്ടുവരുന്ന രാജ്യങ്ങൾക്ക് വികസിത രാജ്യങ്ങൾ സബ്സിഡി കൊടുക്കും. 1000 കിലോഗ്രാം കാർബൺഡൈഓക്സൈഡ് കുറയ്ക്കുന്നതന് ഒരു ക്രെഡിറ്റ് എന്ന നിലയിലുള്ള ആ സബ്സിഡി വാങ്ങിക്കഴിഞ്ഞാൽ ഏതാണ്ട് ഒരു യൂണിറ്റിന് 60 പൈസ സബ്സിഡി കിട്ടും. ആ പദ്ധതി ഇവിടെ നടപ്പിലാക്കുന്നതിനു വേണ്ടി 'ഭാരത് ബജത് യോജന' എന്ന ഒരു പദ്ധതിക്ക് കേന്ദ്ര ഗവണ്മെന്റ് രൂപം കൊടുക്കുന്നുണ്ട്. അതിൽ കേരളത്തെക്കൂടി പങ്കാളിയാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

41 (*333) <u>ചന്ദന കള്ളക്കടത്ത്</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ചന്ദനകള്ളക്കടത്ത് പൂർണ്ണമായും തടയുന്നതിന് പരമാവധി പരിശ്രമിച്ചിട്ടുണ്ടെന്നും അതിൽ വലിയ അളവോളം വിജയം കണ്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മറയൂർ ചന്ദനക്കാടുകളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

> മറയൂർ ചന്ദന വനം ഡിവിഷൻ എന്ന പേരിൽ ഒരു പുതിയ ഡിവിഷൻ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന മറയൂർ റെയിഞ്ചിനെ വിഭജിച്ച് മറയൂർ, കാന്തല്ലൂർ എന്നീ റെയിഞ്ചുകളാക്കുകയും നിലവിലുണ്ടായിരുന്ന മറയൂർ, കാന്തല്ലൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളെ നിലനിർത്തി നാച്ചിവയൽ, വണ്ണാന്തുരൈ എന്നീ സ്ഥലങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുകയും ചെയ്തു.
>
> കൂടുതൽ കാര്യക്ഷമത തെളിയിച്ച ജീവനക്കാരെ മറയൂർ ചന്ദന ഡിവിഷനിലെ വന സംരക്ഷണ വിഭാഗത്തിൽ നിയമിച്ചു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 80-ഉം ഓഫീസ് വിഭാഗത്തിൽ 14- ഉം ജീവനക്കാരെ ഇപ്പോൾ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഇവിടെയുള്ള സംരക്ഷണ ജീവനക്കാർക്ക് പ്രത്യേക അലവൻസും നൽകുന്നുണ്ട്.

ചന്ദന സംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ ഇവ നൽകി സജ്ജരാക്കിയിട്ടുണ്ട്. പുതുതായി 4 റിവോൾവർ, 26 റൈഫിളുകൾ, 43 വാക്കീടോക്കി, 7 വാഹനങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

ചന്ദനക്കാടുകൾ ബ്ളോക്കുകൾ ആയി തിരിക്കുകയും അവയ്ക്ക് ചുറ്റും കമ്പിവേലി നിർമ്മിച്ച് വനസംരക്ഷണ ജീവനക്കാരെയും വാച്ചർമാരെയും വിന്യസിച്ച് ചന്ദനമര സംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിരന്തരം പട്രോളിംഗ് നടത്തുകയും ജീവനക്കാർ ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്തു രാത്രിയും പകലും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ കർശന വാഹന പരിശോധന നടത്തി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങളെ അപ്പപ്പോൾ പിടിക്കാറുണ്ട്. മോഷണം പോകുന്ന ചന്ദനമരങ്ങളുടെ എണ്ണം പ്രതിദിനം 7 ൽ നിന്ന് 0.20 ആയി കുറഞ്ഞിട്ടുണ്ട്.

24 വന സംരക്ഷണ സമിതികൾ രൂപീകരിച്ച് ചന്ദന സംരക്ഷണത്തിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ചന്ദന സംരക്ഷണത്തിന് പൊതുജന സഹകരണം ലഭ്യമാക്കുന്നതിനുവേണ്ടി ചന്ദന റാലി, ചന്ദന സംരക്ഷണ കൺവെൻഷൻ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കുറ്റകൃത്യങ്ങളെക്കുറിച്ച് ഡിപ്പാർട്ട്മെന്റിനെ അറിയിക്കാൻ ഒരു ടോൾ ഫ്രീ ടെലിഫോൺ കണക്ഷൻ ആരംഭിച്ചു.

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദനത്തൈല ഫാക്ടറികൾ നിർത്തലാക്കപ്പെട്ടിട്ടുണ്ട്.

ചന്ദന മോഷണം തടയുന്നതിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം സംഘടിപ്പിച്ച് അന്തർ സംസ്ഥാന തലത്തിൽ ചന്ദന മോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

മറയൂർ ചന്ദനക്കാടുകളിലെ ചന്ദന മരങ്ങളുടെ എണ്ണം സംബന്ധിച്ച് ഡെയിലി റിപ്പോർട്ട് വനം മന്ത്രിയുടെ ഓഫീസിൽ എന്നും ലഭ്യമാക്കുന്നുണ്ട്.

അന്തർ സംസ്ഥാന വ്യാപനമുള്ള ചന്ദന മോഷണക്കേസ്സുകൾ സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ട്.

മറയൂർ ഡിവിഷനുപുറമെ ആര്യങ്കാവ്, വെള്ളികുളങ്ങര, അട്ടപ്പാടി, പറമ്പിക്കുളം, മുത്തങ്ങ, കാസർകോഡ് എന്നിവിടങ്ങളിലും ചന്ദനമരങ്ങൾ

ഉണ്ട്. അവയെല്ലാം സംരക്ഷിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. കള്ളക്കടത്ത് തടയുന്നതിന്റെ ഭാഗമായി കേരളഗവണ്മെന്റിന് മറ്റ് സംസ്ഥാന ങ്ങളുമായും അവിടത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരുമായി നിരന്തര സമ്പർക്കമുണ്ട്. സ്വകാര്യ ഭൂമിയിലെ ചന്ദനമരം സംരക്ഷിക്കേണ്ടത് വ്യക്തികൾ തന്നെയാണ്. അവ മുറിച്ചുമാറ്റുന്ന സമയത്ത് ഗവണ്മെന്റിനെ അറിയിച്ചാൽ ഗവണ്മെന്റ് മരം മുറിപ്പിക്കുകയും 70 ശതമാനം ഉടമസ്ഥർക്ക് കൊടുക്കുകയും 30 ശതമാനം ഗവണ്മെന്റ് ഏറ്റെടുക്കുകയും ചെയ്യും. പൊതുമേഖലയിൽ ചന്ദന ഫാക്ടറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് അനുകൂലമായും പ്രതികൂല മായും ഒരുപാട് വാദങ്ങൾ ഉണ്ട്. 2006 നവംബറിൽ കേരളത്തിൽ വിളിച്ചു കൂട്ടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെ യോഗത്തിൽ സ്വകാര്യ ചന്ദന ഫാക്ടറികൾ നിർത്തലാക്കുന്നതു സംബന്ധിച്ച വിഷയം ഉന്നയിക്കുകയുണ്ടായി. സ്വകാര്യ മേഖലയിലുള്ള ചന്ദന ഫാക്ടറികൾ നിർത്തലാക്കണമെന്ന് കേരളം ആവശ്യപ്പെടുന്നുണ്ട്. പുതുതായി ചന്ദനമര ങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വ്യക്തികൾ മുന്നോട്ടുവന്നാൽ പരിഗണിക്കുന്ന താണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 334 മുതൽ 360 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3070 മുതൽ 3296 വരെയുള്ള ചോദ്യങ്ങളിൽ 189 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)